# പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 2724** **27.01.2014-ൽ മറുപടിയ്ക്ക്**

## മലങ്കരയിൽ കുപ്പിവെള്ള നിർമ്മാണ ഫാക്ടറി

| **ചോദ്യം** | **ഉത്തരം** |
|---|---|
| ശ്രീ. ജി. എസ്. ജയലാൽ | ശ്രീ.പി.ജെ.ജോസഫ്<br>(ജലവിഭവ വകുപ്പു മന്ത്രി) |
| എ) തൊടുപുഴയ്ക്കടുത്ത് മലങ്കരയിൽ കുപ്പിവെള്ള നിർമ്മാണ ഫാക്ടറി തുടങ്ങുന്നതിനുള്ള നടപടി ആരംഭിച്ചിട്ടുണ്ടോ; ഏത് ഏജൻസിയാണ് ഇതിനുള്ള സാധ്യതാ പഠനം നടത്തിയത് ; | എ) തൊടുപുഴയ്ക്കടുത്ത് മലങ്കരയിൽ കുപ്പിവെള്ള നിർമ്മാണ ഫാക്ടറി തുടങ്ങുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഇതിനുവേണ്ടിയുള്ള സാധ്യതാപഠനം "കേരള ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് കോർപ്പറേഷൻ" (കിഡ്കോ) ആണ് നടത്തിയത്. |
| ബി) പ്രസ്തുത കുപ്പിവെള്ള ഫാക്ടറിയുടെ ചുമതല ഏൽപ്പിച്ചിട്ടുള്ള കേരളാ ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ച്ചർ ഡവലപ്പ്മെന്റ് കോർപ്പറേഷന്റെ ഈ രംഗത്തുള്ള പരിചയസമ്പത്ത് പഠന വിധേയമാക്കിയിട്ടുണ്ടോ; എങ്കിൽ പരിചയ സമ്പത്ത് എന്താണെന്ന് അറിയിക്കുമോ; | ബി) ജലസേചന വകുപ്പ് സെക്രട്ടറി, ധനകാര്യ സെക്രട്ടറി, ജലസേചന വകുപ്പ് ചീഫ് എഞ്ചിനീയർമാർ, വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടർ എന്നിവരടങ്ങുന്ന ഒരു ബൃഹത്തായ ബോർഡ് ഓഫ് ഡ്യറക്ടറേറ്റ്സിന്റെ നേരിട്ടുള്ള മേൽനോട്ടത്തിലാണ് കിഡ്കോയുടെ പ്രവർത്തനങ്ങൾ മുന്നോട്ട് പോകുന്നത്. കിഡ്കോയുടെ പദ്ധതി പ്രവർത്തനങ്ങൾ നോക്കി നടത്തുന്നത് കിഡ്കോ ചുമതലപ്പെടുത്തിയ പരിചയ സമ്പത്തുള്ള സാങ്കേതിക വിദഗ്ധരാണ്. ഇങ്ങനെയുള്ള കിഡ്കോയ്ക്ക് കുപ്പിവെള്ള ഫാക്ടറിയുടെ ചുമതല ഏൽപ്പിക്കുമ്പോൾ പരിചയ സമ്പത്തുണ്ടോ എന്ന് വിശകലനം ചെയ്യാൻ പ്രത്യേക പഠനങ്ങൾ ഒന്നും തന്നെ നടത്തിയിട്ടില്ല. |

| | | | |
|---|---|---|---|
| സി) | ഈ രംഗത്ത് മുൻപരിചയം ഇല്ലാത്ത ഒരു കമ്പനിയെ കുപ്പിവെള്ള നിർമ്മാണ ചുമതല ഏൽപ്പിക്കാനുണ്ടായ കാരണം അറിയിക്കുമോ ; | സി) | നിലവിൽ സർക്കാർ തലത്തിൽ സിഡ്കോ, മിൽമ എന്നീ സ്ഥാപനങ്ങൾ സ്വകാര്യ മേഖലയിൽ നിർമ്മിക്കുന്ന കുപ്പി വെള്ളമാണ് വിതരണം ചെയ്യുന്നത്. ഈ സ്ഥാപനങ്ങൾ വിതരണം ചെയ്യുന്ന കുപ്പിവെള്ളം സ്വന്തമായി നിർമ്മിക്കുന്നില്ല. ശബരിജലം സ്വന്തമായി നിർമ്മിച്ച് നടപ്പിലാക്കുന്ന ഫോറസ്റ്റ് ഡിപ്പാർട്ട്മെന്റ് ഒരു ദിവസം 1 ലിറ്ററിന്റെ 3000 ലിറ്റർ ബോട്ടിൽ മാത്രമാണ് നിർമ്മിക്കുന്നത്. കേരള വാട്ടർ അതോറിറ്റി വർഷങ്ങളായി കുപ്പിവെള്ള നിർമ്മാണത്തിന്റെ പ്രാരംഭ നടപടികൾ നടത്താൻ ശ്രമിക്കുന്നുണ്ടെങ്കിലും ഇതുവരെ നിർമ്മാണ പ്രവർത്തനങ്ങൾ തുടങ്ങിയിട്ടില്ല. ഈ സാഹചര്യത്തിൽ കിഡ്കോ സ്വന്തം ഫണ്ടുപയോഗിച്ച് കുപ്പിവെള്ള ഫാക്ടറി നിർമ്മാണം നടത്താമെന്ന നിർദ്ദേശം സർക്കാരിനു മുൻപിൽ ഉന്നയിച്ചതിനാലാണ് കിഡ്കോയെ കുപ്പിവെള്ള നിർമ്മാണ ചുമതല ഏൽപ്പിച്ചത്. |
| ഡി) | കേരളാ വാട്ടർ അതോറിറ്റിയെ പ്രസ്തുത ചുമതലയിൽ നിന്നും ഒഴിവാക്കാനുണ്ടായ സാഹചര്യം എന്താണ്; വിശദാംശം അറിയിക്കുമോ ? | ഡി) | കേരള വാട്ടർ അതോറിറ്റിയെ കുപ്പിവെള്ള നിർമ്മാണ ചുമതലയിൽ നിന്നും ഒഴിവാക്കിയിട്ടില്ല. വാട്ടർ അതോറിറ്റിയുടെ പ്രോജക്ടുമായി മുമ്പോട്ട് പോകുന്നുണ്ട്. |

സെക്ഷൻ ഓഫീസർ